# ഉഴുന്നും ചെറുപയറും നാടൻ കൊഴിഞ്ഞിലും

Mathrubhumi-06-06-2018-P-06

**എം.പി. അയ്യപ്പദാസ്**



വിവേകാനന്ദൻ പയർകൃഷിപ്പാടത്ത്

അഞ്ചേക്കർ പാടത്ത് നെല്ലും പയറും കൃഷി ചെയ്ത് ആദായം നേടുകയാണ് തിരുവനന്തപുരം വെള്ളായണി പാടശേഖരത്തിലെ ഉപനിയൂർ ഊക്കോട് അനുഗ്രഹയിലെ വിവേകാനന്ദൻ.

രണ്ടാംവിള നെല്ല് കൊയ്തുകഴിഞ്ഞ് മണ്ണിലെ ഈർപ്പം മാറുംമുമ്പേതന്നെ ഏക്കറിന് 50 കിലോ കുമ്മായവും 100 കിലോ ചാരവും വിതറി ടില്ലറുകൊണ്ട് പൂട്ടിയ ശേഷമാണ് ഉഴുന്നും പയറും വൻപയറും കൊഴിഞ്ഞിലും വിതയ്ക്കുന്നത്.

വിത്തെല്ലാം ഒരുമിച്ച് ചേർത്ത് ഏക്കറിന് 20 കിലോ അളവിലാണ് വിതയ്ക്കുന്നത്. മൂന്നാംനാൾ വിത്ത് കിളിർത്ത് മുപ്പതാം നാൾ പൂക്കാൻ വന്നുതുടങ്ങും. അറുപതാംനാൾമുതൽ വിളവെടുപ്പ് തുടങ്ങാം. വിവിധ സമയങ്ങളിൽ പാകമാവുന്ന ഇവ വെവ്വേറെയാണ് പറിച്ചെടുക്കുന്നത്. 80-85 ദിവസത്തിനകം കായ്കൾ പറിച്ചുതീരും. ചുരുങ്ങിയത് നാലഞ്ചുതവണ വിളവെടുക്കേണ്ടിവരും. വിളവെടുപ്പിനുശേഷം വൃത്തിയുള്ള സ്ഥലത്ത് ഉണക്കി കമ്പുകൊണ്ടടിച്ച് തോട് മാറ്റി, വൃത്തിയാക്കി പലതവണ ഉണക്കി ചാക്കുകളിൽ ശേഖരിക്കും. ഒരേക്കറിൽനിന്ന് ശരാശരി 200 കിലോ പയറുകിട്ടും. കൊഴിഞ്ഞിൽ 200 രൂപയ്ക്കും മറ്റുള്ളവ കിലോയ്ക്ക് 150 രൂപ പ്രകാരവുമാണ് വിൽക്കുന്നത്.

ഒരേക്കർ കൃഷിക്ക് 20,000 രൂപ ചെലവാകുമെങ്കിലും 30,000 രൂപ പയർ വിറ്റാൽ കിട്ടും. 85 ദിവസം കൊണ്ട് ഒരേക്കറിൽനിന്ന് ശരാശരി 10,000 രൂപ ആദായമുണ്ടാകുമെന്ന് വിവേകാനന്ദൻ പറയുന്നു. രാസവളങ്ങൾ നൽകാറില്ല. ചാരം കിട്ടാതെവന്നാൽ ഏക്കറിന് 50 കിലോ പൊട്ടാഷ് നൽകും.

**നെൽകൃഷിക്ക് ശേഷം ഉഴുന്നും പയറും കൊഴിഞ്ഞിലും കൃഷി ചെയ്യുന്ന കർഷകൻ**

പയർ തീർത്തുപറിച്ചുകഴിഞ്ഞാലുടൻതന്നെ ഉഴുത് വിളാവശിഷ്ടം മണ്ണിൽ ചേർക്കും. അന്തരീക്ഷത്തിൽ നിന്ന് പയർ പാക്യജനകം സ്വീകരിച്ച് വേരുകളിൽ സംഭരിക്കുന്നതിനാൽ മണ്ണിന്റെ ഫലപുഷ്ടി വർധിക്കുകയും അടുത്തതവണ നെൽക്കൃഷി നല്ല വിളവ് ലഭിക്കുകയും ചെയ്യും.

(ഫോൺ: 9447324354).